(Pages : 6) **ME 334**

Sl. No.

# SSLC MODEL EXAMINATION, FEBRUARY - 2024

## PHYSICS

(Malayalam)

Time : 1½ Hours Total Score : 40

---

**നിർദ്ദേശങ്ങൾ :**

- ആദ്യത്തെ 15 മിനിട്ട് സമാശ്വാസ സമയമാണ്.
- ഈ സമയം ചോദ്യങ്ങൾ വായിക്കുന്നതിനും ഉത്തരങ്ങൾ ആസൂത്രണം ചെയ്യുന്നതിനും ഉപയോഗിക്കാവുന്നതാണ്.
- നിർദ്ദേശങ്ങളും ചോദ്യങ്ങളും അനുസരിച്ച് മാത്രം ഉത്തരം എഴുതുക.
- ഉത്തരമെഴുതുമ്പോൾ സ്കോർ, സമയം, എന്നിവ പരിഗണിക്കണം

---

**Score**


**സെക്ഷൻ - A**

**(ഏതെങ്കിലും നാല് എണ്ണത്തിന് ഉത്തരമെഴുതുക. ഓരോ ചോദ്യത്തിനും 1 സ്കോർ വീതം)**

1. ഒന്നാം പദജോഡി ബന്ധം മനസ്സിലാക്കി രണ്ടാമത്തേത് പൂർത്തിയാക്കുക. 1
   (i) വൈദ്യുത ഇസ്തിരിപ്പെട്ടി : താപഫലം
   (ii) വൈദ്യുത മോട്ടോർ : ___________

2. ചലിക്കും ചുരുൾ ലൗഡ് സ്പീക്കറിന്റെ ഭാഗമല്ലാത്തത് ഏത് ? 1
   (വോയിസ് കോയിൽ, ഡയഫ്രം, സ്ഥിരകാന്തം, സ്ലീപ്പ് റിംഗ്)

3. താഴെക്കൊടുത്ത ചിത്രം നിരീക്ഷിച്ച് പതന കോൺ എത്രയെന്ന് എഴുതുക. 1




4. ഒരു കാറ്റാടിയിൽ (വിൻഡ്മില്ലിൽ) നടക്കുന്ന ഊർജപരിവർത്തനം എഴുതുക. 1

5. ഒരു വൈദ്യുതോപകരണത്തിന്റെ പവർ 500 W ആണ്. ഇത് എത്ര സമയം പ്രവർത്തിക്കുമ്പോഴാണ് ഒരു യൂണിറ്റ് വൈദ്യുതോർജം ഉപയോഗിക്കുക. 1

Score

## സെക്ഷൻ - B

**(ഏതെങ്കിലും നാല് എണ്ണത്തിന് ഉത്തരമെഴുതുക. ഓരോ ചോദ്യത്തിനും 2 സ്കോർ വീതം)**


6. ഊർജ്ജ പ്രതിസന്ധി കുറയ്ക്കാൻ ഏതെങ്കിലും നാല് മാർഗ്ഗങ്ങൾ എഴുതുക. 2

7. ഒരു സോൾഡറിംഗ് അയണിന്റെ ഹീറ്റിംഗ് കോയിലിന്റെ പ്രതിരോധം 1250 Ω ആണ്. ഇത് 200 V സപ്ലൈയിൽ പ്രവർത്തിക്കുന്നു.
   - (a) സോൾഡറിംഗ് അയണിന്റെ പവർ കണക്കാക്കുക. 1
   - (b) 10 s സമയം കൊണ്ട് ഉത്പാദിപ്പിക്കപ്പെട്ട താപത്തിന്റെ അളവ് കണ്ടുപിടിക്കുക. 1

8. താഴെ കൊടുത്ത സ്രോതസുകളിൽ നിന്ന് ഉല്പാദിപ്പിക്കുന്ന ഊർജത്തെ ഗ്രീൻ എനർജി, ബ്രൗൺ എനർജി എന്ന് തരം തിരിക്കുക. 2

   (സോളാർ പവർപ്ലാന്റ്, അറ്റോമിക് റിയാക്ടർ, ഡീസൽ എൻജിൻ, ഹൈഡ്രോ ഇലക്ട്രിക്ക് പവർസ്റ്റേഷൻ)

9. ചുവടെ കൊടുത്ത ചിത്രം നിരീക്ഷിച്ച് ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക.




   - (a) പ്രകാശിക സാന്ദ്രത കൂടിയ മാധ്യമം ഏത് ? 1
   - (b) ജലത്തിന്റെ അപവർത്തനാങ്കം 1.33 ആണെങ്കിൽ ജലത്തിലൂടെയുള്ള പ്രകാശ വേഗം എത്ര ? (വായുവിലെ പ്രകാശ വേഗം = $3 \times 10^8$ m/s) 1


10. താഴെക്കൊടുത്ത പ്രസ്താവനകളിൽ തെറ്റുണ്ടെങ്കിൽ തിരുത്തി എഴുതുക. 2
    - (a) ന്യൂ കാർട്ടീഷ്യൻ ചിഹ്ന രീതി അനുസരിച്ച് ദർപ്പണത്തിൽ നിന്ന് വസ്തുവിലേക്കുള്ള ദൂരം എപ്പോഴും പോസിറ്റീവ് ആയിരിക്കും.
    - (b) വൈദ്യുത വാഹിയായ ഒരു ചാലകത്തിന് ചുറ്റുമുള്ള കാന്തിക മണ്ഡല ദിശ മനസ്സിലാക്കുവാൻ ഫ്ലെമിംഗിന്റെ ഇടതുകൈ നിയമം സഹായിക്കുന്നു.

Score

## സെക്ഷൻ - C

**(ഏതെങ്കിലും നാല് എണ്ണത്തിന് ഉത്തരമെഴുതുക. ഓരോ ചോദ്യത്തിനും 3 സ്കോർ വീതം)**

11. ചുവടെ കൊടുത്ത സെർക്കീട്ടുകൾ വിശകലനം ചെയ്യുക.




(സെർക്കീട്ട് A) (സെർക്കീട്ട് B)

(a) സമാന്തര രീതിയിൽ ബൾബുകൾ ക്രമീകരിച്ചത് ഏത് സെർക്കീട്ടിലാണ് ? 1


(b) എല്ലാ സ്വിച്ചുകളും ഓൺ ചെയ്താൽ ഏത് സെർക്കീട്ടിലെ ബൾബുകൾ ആണ് തീവ്രതയോടെ പ്രകാശിക്കുക ? 1

(c) നിങ്ങളുടെ ഉത്തരം സാധൂകരിക്കുക. 1

12. ഉചിതമായി ചേർത്തെഴുതുക. 3

| A | B | C |
|---|---|---|
| സമതല ദർപ്പണം | റിയർവ്യൂ മിറർ | ആവർധനം കൂടുതൽ |
| കോൺവെക്സ് ദർപ്പണം | ഷേവിംഗ് മിറർ | വസ്തുവിന്റെ തുല്യ വലിപ്പമുള്ള പ്രതിബിംബം |
| കോൺകേവ് ദർപ്പണം | പെരിസ്കോപ്പ് | വീക്ഷണ വിസ്തൃതി കൂടുതൽ |

13. കണ്ണിലെ പ്രതിബിംബ രൂപീകരണവുമായി ബന്ധപ്പെട്ട് താഴെ കൊടുത്ത ചിത്രം നിരീക്ഷിക്കുക.



(A) (B) (C)


(a) ഹ്രസ്വദൃഷ്ടിയുള്ള കണ്ണിനെ സൂചിപ്പിക്കുന്ന ചിത്രം ഏത് ? 1

(b) ഈ ന്യൂനതയ്ക്കുള്ള കാരണങ്ങൾ എന്തെല്ലാം ? 1

(c) ഇത് പരിഹരിക്കുന്നതെങ്ങനെ ? 1

Score

**14.** മേശപ്പുറത്ത് വച്ചിരിക്കുന്ന രണ്ട് ബാർകാന്തങ്ങൾക്കിടയിൽ AB എന്ന ചാലകം സ്ഥിതി ചെയ്യുന്നതാണ് താഴെ ചിത്രീകരിച്ചത്.





(a) ചാലകം മേശപ്പുറത്ത് നിന്ന് മുകളിലേക്ക് ചലിക്കണമെങ്കിൽ ചാലകത്തിലൂടെ ഏത് ദിശയിൽ വൈദ്യുതപ്രവാഹം ഉണ്ടാവണം ? **1**

(b) ഉത്തരം കണ്ടെത്താൻ നിങ്ങളെ സഹായിച്ച നിയമം ഏത് ? **1**

(c) ഇതിന്റെ അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന രണ്ട് ഉപകരണങ്ങളുടെ പേര് എഴുതുക. **1**

**15.** താഴെ കൊടുത്ത ചിത്രം നിരീക്ഷിക്കുക.




(a) അപവർത്തന കോൺ എത്ര ? **1**

(b) പൂർണ്ണാന്തര പ്രതിപതനം സംഭവിക്കാൻ സാധ്യതയുള്ള ഏതെങ്കിലും പതന കോൺ എഴുതുക. **1**


(c) പൂർണ്ണാന്തര പ്രതിപതനത്തിന്റെ രണ്ട് പ്രായോഗിക ഉപയോഗങ്ങൾ എഴുതുക ? **1**

Score

## സെക്ഷൻ - D

**(ഏതെങ്കിലും നാല് എണ്ണത്തിന് ഉത്തരമെഴുതുക. ഓരോ ചോദ്യത്തിനും 4 സ്കോർ വീതം)**

16. രണ്ട് ഇൻകാൻഡസെന്റ് ലാമ്പുകൾ ഉൾപ്പെടുത്തിയ സെർക്കീട്ടാണ് താഴെ കൊടുത്തത്. സെർക്കീട്ട് നിരീക്ഷിച്ച് ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക.




(a) ഇൻകാന്റസന്റ് ലാമ്പുകളിൽ ഫിലമെന്റ് ആയി ഉപയോഗിക്കുന്ന പദാർത്ഥം ഏത് ? 1

(b) $S_1$, $S_2$ എന്നീ സ്വിച്ചുകൾ മാത്രം ഓൺ ചെയ്താൽ സെർക്കീട്ടിലെ കറന്റ് എത്ര ? 2

(c) എല്ലാ സ്വിച്ചുകളും ഓൺ ചെയ്താൽ എന്താണ് സംഭവിക്കുക ? 1


17. പവർ നഷ്ടമില്ലാത്ത ഒരു ട്രാൻസ്ഫോർമർ 250 V സപ്ലൈയിൽ പ്രവർത്തിക്കുന്നു. ഇതിന്റെ സെക്കൻഡറിയിൽ 50 W പവർ ഉള്ള ഒരു ഉപകരണം പ്രവർത്തിക്കുമ്പോൾ സെക്കൻഡറി കോയിലിലൂടെ 1 A വൈദ്യുതി പ്രവഹിക്കുന്നുവെങ്കിൽ,

(a) ഇവിടെ ഉപയോഗിച്ചത് എത് തരം ട്രാൻസ്ഫോർമർ ആണ് ? 1

(b) ട്രാൻസ്ഫോർമറിന്റെ പ്രവർത്തനതത്വം എന്ത് ? 1

(c) പ്രൈമറിയിലെ കറന്റ് എത്ര ? 2

18. താഴെ കൊടുത്ത രേഖാചിത്രം നിരീക്ഷിച്ച് ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക.




(a) ഈ ഉപകരണം ഏത് ? 1

(b) ഈ ഉപകരണത്തിന്റെ പ്രധാന ഭാഗങ്ങൾ ഏതെല്ലാം ? 2


(c) ഇതിലെ ആർമേച്ചർ സ്ഥിരമാക്കി വെച്ച് ഫീൽഡ് കാന്തം കറക്കുമ്പോൾ ലഭിക്കുന്ന വൈദ്യുതിയുടെ ഗ്രാഫ് ചിത്രീകരിക്കുക. 1



exam WINNER ®

Score

19. ഒരു വസ്തുവിൽ നിന്നുള്ള പ്രകാശം MN എന്ന ലെൻസിലൂടെ കടന്നു പോകുന്നതാണ് താഴെ ചിത്രീകരിച്ചത്.





(a) MN ഏത് തരം ലെൻസ് ആണ് ? 1

(b) ചിത്രം പകർത്തി വരച്ച് പ്രതിബിംബ രൂപീകരണം ചിത്രീകരിക്കുക. 2

(c) ഈ പ്രതിബിംബത്തിന്റെ ഏതെങ്കിലും രണ്ട് പ്രത്യേകതകൾ എഴുതുക. 1

20. താഴെക്കൊടുത്ത ചിത്രം നിരീക്ഷിച്ച് ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക.




(a) സ്ക്രീനിൽ രൂപപ്പെട്ട വർണ്ണങ്ങൾ ഏതെല്ലാം ? 1

(b) ഈ വർണ്ണങ്ങളിൽ തരംഗദൈർഘ്യം കൂടിയ വർണ്ണമേത് ? 1

(c) പ്രകാശം അതിന്റെ ഘടക വർണ്ണങ്ങളായി വേർതിരിയുന്ന പ്രതിഭാസം ഏത് ? 1

(d) സൂര്യപ്രകാശത്തിന് പകരം ചുവപ്പ് ലേസർ പ്രകാശമാണ് പ്രിസത്തിൽ പതിപ്പിക്കുന്നത് എങ്കിൽ എന്ത് മാറ്റമാണ് നിരീക്ഷിക്കുക ? 1

-oOo-